## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2100** — **07/12/2015 ൽ മറുപടിക്ക്**

### അഴിമതി നിർമ്മാർജ്ജനത്തിനായുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ശ്രീരാമകൃഷ്ണൻ**<br>**ശ്രീ.വി.ചെന്താമരാക്ഷൻ**<br>**ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.ടി.വി.രാജേഷ്** | | **ശ്രീ.രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി )** | |
| (എ) | സർക്കാരിന്റെ എല്ലാ തലങ്ങളിലും അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചിരിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം പരിശോധിച്ചിട്ടുണ്ടോ ; | (എ) | അത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അഴിമതി നിർമ്മാർജ്ജനത്തിനും അഴിമതിക്കാർക്കെതിരെയും മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ; | (ബി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള സംവിധാനം അനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നുണ്ട്. |
| (സി) | അഴിമതി നിയന്ത്രിക്കാനുള്ള സംവിധാനം നിഷ്പക്ഷവും നീതിപൂർവ്വവുമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (സി) | അഴിമതി നിയന്ത്രിക്കാനുള്ള സംവിധാനം നിഷ്പക്ഷവും നീതിപൂർവ്വവുമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുണ്ട്. |
| (ഡി) | അഴിമതി ആരോപണങ്ങൾ ശരിവെയ്ക്കുന്ന നിലയിലുള്ള തെളിവുകൾ വിജിലൻസ് അവഗണിയ്ക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**